# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

## പത്രക്കുറിപ്പ്

തീയതി.02.06.2025

**പ്രവേശനോത്സവം : സ്കൂളുകളിൽ സർപ്പ പരിശോധനയുമായി വനം വകുപ്പ്**

പ്രവേശനോത്സവത്തോട് അനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ വനം വകുപ്പിന്റെ സർപ്പ വോളന്റിയർമാർ പരിശോധന നടത്തുന്നു. കഴിഞ്ഞ ആഴ്ച ആരംഭിച്ച പരിശോധന ഈ ആഴ്ചയിലും തുടരും. സ്കൂൾ അധികൃതരോ പിറ്റിഎ ഭാരവാഹികളോ അറിയിക്കുന്നത് പ്രകാരമാണ് പരിശോധന. സ്കൂളുകളിലും പരിസരങ്ങളിലും പാമ്പുകളുടെ സാന്നിധ്യം ഒഴിവാക്കി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സുരക്ഷയ്ക്കായി വനം വകുപ്പ് നൽകുന്ന സുപ്രധാനമായ സേവനമാണിതെന്ന് വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു. ഓരോ ജില്ലയിലെയും സാമൂഹിക വനവത്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് പരിശോധനാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ നിർദേശം നൽകി. സർപ്പ വോളനറിയർമാരുടെ സഹായം ആവശ്യമുള്ള സ്കൂൾ അധികൃതർക്ക് അതാത് ജില്ലയിലെ സാമൂഹിക വനവത്കരണ വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. സഹായങ്ങൾക്കും അന്വേഷണങ്ങൾക്കും വനംവകുപ്പിന്റെ ടോൾ ഫ്രീ നമ്പരിലും വിളിക്കാം. നമ്പർ: 1800 425 4733

| | |
|---|---|
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ തിരുവനന്തപുരം | : 9447979135 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കൊല്ലം | : 9447979132 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പത്തനംതിട്ട | : 9447979134 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ആലപ്പുഴ | : 9447979131 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കോട്ടയം | : 9447979133 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഇടുക്കി | : 9447979142 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ എറണാകുളം | : 9447979141 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ തൃശ്ശൂർ | : 9447979144 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പാലക്കാട് | : 9447979143 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കോഴിക്കോട് | : 9447979153 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ മലപ്പുറം | : 9447979154 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ വയനാട് | : 9447979155 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കണ്ണൂർ | : 9447979151 |
| സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കാസർഗോഡ് | : 9447979152 |

2/6/25

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ